"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019 ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം IX പ്രകാരം നിലവിലുള്ള കമ്മിറ്റിയ്ക്ക് പുറമേ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(കൈ) നം.238/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:-

1. 2.11.2019 ലെ സ.ഉ.(അച്ചടി) നമ്പർ 78/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. 2.11.2019 ലെ സ.ഉ.(അച്ചടി) നമ്പർ 77/2019/തസ്വഭവ നമ്പർ ഉത്തരവ്.
3. 03.02.2020 ലെ സ.ഉ.(കൈ) നമ്പർ 28/2020/തസ്വഭവ നമ്പർ ഉത്തരവ്.
4. 03.02.2020 ലെ സ.ഉ.(കൈ) നമ്പർ 27/2020/തസ്വഭവ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

പരാമർശം (1)(2) പ്രകാരം നിലവിൽ വന്ന 2019 ലെ കേരള പഞ്ചായത്ത് മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം IX ചട്ടം 57 പ്രകാരം ഒരു ഹെക്ടറിൽ കുറയാത്ത ഭൂമി ഉള്ളതും വസ്തു വില ഉൾപ്പെടെ 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും 500 പേരിൽ കുറയാത്ത ആളുകൾക്ക് തൊഴിൽ നൽകുന്നതുമായ വൻകിട വികസന പദ്ധതികൾക്ക് ഇതിനായി സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ ടി ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി ചെയർമാനും, ചീഫ് ടൗൺപ്ലാനർ കൺവീനറുമായ അഞ്ചംഗ കമ്മിറ്റികൾ രൂപീകരിച്ച് പരാമർശം (3) (4) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ പ്രസ്തുത കമ്മിറ്റിയ്ക്ക് അപേക്ഷ നൽകി പെർമിറ്റ് ദീർഘിപ്പിച്ച് കിട്ടുന്നതിന് ഒട്ടേറെ കാലതാമസം വരുന്നതുമൂലം കെട്ടിടനിർമ്മാതാക്കൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. നിക്ഷേപങ്ങളെയും സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഇക്കാര്യത്തിൽ കാലാനുസൃതമായി ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായിരിക്കുന്നു. ആയതിനാൽ 10 വർഷം കാലാവധി കഴിയുന്ന പെർമിറ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനായി ചട്ടം 58 പ്രകാരം ചുവടെപറയുന്ന

അംഗങ്ങളെ ഉൾപ്പെടുത്തി പരാമർശം 3, 4 എന്നിവയിലെ ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ട് ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ജില്ലാ ടൌൺ പ്ളാനർ - കൺവീനർ
2. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ - അംഗം
3. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി - അംഗം
4. ബന്ധപ്പെട്ട പഞ്ചായത്ത് / മുനിസിപ്പൽ എഞ്ചിനീയർ - അംഗം

ഇപ്രകാരം രൂപീകരിച്ച ജില്ലാതല കമ്മിറ്റികൾക്ക് മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ 30 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതും നിലവിൽ ചീഫ് ടൌൺ പ്ളാനർ കൺവീനറായ കമ്മിറ്റിയ്ക്ക് ലഭിച്ചിട്ടുള്ളതും തീർപ്പാക്കാത്തതുമായ എല്ലാ അപേക്ഷകളും ടി ജില്ലാതല കമ്മിറ്റികൾക്ക് തീരുമാനമെടുക്കുന്നതിനായി കൈമാറി നൽകേണ്ടതുമാണ്.

ചട്ടം 58 അനുസരിച്ച് പരാമർശം 3, 4 പ്രകാരം രൂപീകരിച്ച കമ്മിറ്റികൾക്ക് മറ്റ് ചുമതലകൾ ഉള്ളതിനാൽ പ്രസ്തുത കമ്മിറ്റികൾ അവയുടെ മറ്റ് ചുമതലകൾ തുടരേണ്ടതാണ്.

2019 ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15(2) 15(4) എന്നിവയുടെ പ്രൊവിസോകൾ പ്രകാരം 10 വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് കെട്ടിടനിർമ്മാണാനുമതി പുതുക്കേണ്ടതോ, ദീർഘിപ്പിച്ച് നൽകേണ്ടതോ ആയ കേസുകളിൽ മേൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം രൂപീകരിച്ച കമ്മിറ്റി മുമ്പാകെ പെർമിറ്റ് കാലാവധി കഴിഞ്ഞ് പരമാവധി 3 വർഷത്തിനകം അപേക്ഷകൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ആവശ്യമായ തുടർനടപടികൾ കമ്മിറ്റി കൺവീനർ സ്വീകരിക്കേണ്ടതാണ്.

(പരാമർശം 1, 2 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ചീഫ് ടൌൺ പ്ളാനർ, തിരുവനന്തപുരം.
ചീഫ് ടൌൺ പ്ളാനർ (വിജിലൻസ്), തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചനീയർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
വെബ് ആന്റ് ന്യൂ മീഡിയ ഐ ആന്റ് പിആർഡി
തദ്ദേശ സ്വയം ഭരണ (ആർ.ബി)/(ആർ.ഡി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 21-10-2021 17:23:21
Reason: Approved

സെക്ഷൻ ഓഫീസർ